# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ്ലൈഫ്) & ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : ജി.ഹരികുമാർ**

വിഷയം : കാട്ടുതീ പ്രതിരോധം - വയനാട് വന്യജീവി സങ്കേതം - പൊതുജനങ്ങളുടെ സന്ദർശനത്തിന് നിരോധനം - ദിർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :
1. ഈ ഓഫീസിലെ 20.02.2017-ലെ ഡബ്ളിയു.എൽ.4-11201/2016 നമ്പർ ഉത്തരവ്.
2. ഈ ഓഫീസിലെ 30.03.2017-ലെ ഡബ്ളിയു.എൽ.4-11201/2016 നമ്പർ ഉത്തരവ്.
3. വയനാട് വൈൽഡ്ലൈഫ് വാർഡന്റെ 10.04.2017-ലെ ഡബ്ളിയു.8 - 1890/2016 നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഡബ്ള്യൂ.എൽ.4-11201/2016 തീയതി. 12.04.2017**

കടുത്ത വരൾച്ചയും ജലദൗർലഭ്യവും തുടരുന്നതു മൂലവും കാട്ടു തീ ഉണ്ടാകുന്നതിനുള്ള സാധ്യത പരിഗണിച്ചും 2017 ഫെബ്രുവരി 21 മുതൽ 31 വരെ വയനാട് വന്യജീവി സങ്കേതത്തിൽ പൊതുജനങ്ങളുടെ സന്ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നതിന് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. വേനൽമഴ വേണ്ടത്ര ലഭിച്ചിട്ടില്ലാത്തതിനാലും സ്ഥിതിഗതികൾ മെച്ചപ്പെട്ടിട്ടില്ലാത്തതിനാലും നിയന്ത്രണ കാലാവധി ദീർഘിപ്പിക്കുന്നതിന് 27.03.2017-ൽ വയനാട് വാർഡൻ നൽകിയ ശുപാർശ പരിഗണിച്ച് സന്ദർശകർക്കുള്ള നിയന്ത്രണം 2017 ഏപ്രിൽ 16 വരെ ദീർഘിപ്പിച്ചുകൊണ്ട് 30.03.2017-ൽ സൂചന (2) പ്രകാരം ഉത്തരവായിരുന്നു. വേനൽമഴ സജീവമല്ലാത്തതിനാലും ജലദൗർലഭ്യം രൂക്ഷമായിത്തന്നെ തുടരുന്നതിനാലും സന്ദർശകർക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം 23.04.2017 വരെ തുടരുന്നതിന് സൂചന (3) പ്രകാരം വയനാട് വൈൽഡ്ലൈഫ് വാർഡൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിലും വയനാട് വൈൽഡ്ലൈഫ് വാർഡന്റെ അപേക്ഷ പരിഗണിച്ചും വയനാട് വന്യജീവി സങ്കേതത്തിൽ സന്ദർശകർക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണം 2017 ഏപ്രിൽ 23 വരെ ദീർഘിപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) &**
**ചീഫ് വൈൽഡ്ലൈഫ് വാർഡൻ**

പകർപ്പ്:
1. ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം) പാലക്കാട്
2. വൈൽഡ്ലൈഫ് വാർഡൻ വയനാട്.
3. ഡയറക്ടർ, ഫോറസ്റ്റ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
4. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (എഫ്.എം.ഐ.എസ്)

D:\Pinku\Proceedings\WL.4-11201.16.M.1.doc